"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - വിപണി ഇടപെടൽ പദ്ധതി 2024-25 - 2023-24 വർഷത്തിൽ മാർക്കറ്റ്ഫെഡിന് മാറി നൽകുവാൻ ബാക്കിയുള്ള തുക മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.896/2024/AGRI തീയതി,തിരുവനന്തപുരം, 25-09-2024**

---

പരാമർശം:- 1. 13.06.2024-ലെ സ.ഉ(സാധാ)നം.528/2024/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

2. കൃഷി വകുപ്പ് ഡയറക്ടറുടെ 09.07.2024-ലെ ADFW/8839/2023-TM1 നമ്പർ കത്ത്.

3. 31.08.2024-ലെ സ.ഉ(പി)നം.76/2024/ധന നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

WAMS clearance ലഭിക്കാത്തതിനാൽ 2023-24 സാമ്പത്തിക വർഷത്തിൽ മാർക്കറ്റ്ഫെഡിന് മാറി നൽകാൻ സാധിക്കാതിരുന്ന 36.24069 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷത്തിൽ 2435-01-101-85 Plan ശീർഷകത്തിൽ മാർക്കറ്റ്ഫെഡിന് "State scheme for Marketfed for coconut procurement" എന്ന ഘടകത്തിനായി പരാമർശം (1) പ്രകാരം അനുവദിച്ച 52.21 ലക്ഷം രൂപയിൽ നിന്നും മാറി നൽകുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. WAMS clearance ലഭിക്കാത്തതിനാൽ 2023-24 സാമ്പത്തിക വർഷത്തിൽ മാർക്കറ്റ്ഫെഡിന് മാറി നൽകാൻ സാധിക്കാതിരുന്ന 36.24069 ലക്ഷം രൂപ (മുപ്പത്തിയാറ് ലക്ഷത്തി ഇരുപതിനാലായിരത്തി അറുപത്തിഒൻപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിൽ 2435-01-101-85 Plan ശീർഷകത്തിൽ മാർക്കറ്റ്ഫെഡിന് "State scheme for Marketfed for coconut procurement" എന്ന ഘടകത്തിനായി അനുവദിച്ച 52.21 ലക്ഷം രൂപയിൽ നിന്നും മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

(1) ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

(2) മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ്ഫെഡ്, കൊച്ചി.

(3) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ചീഫ്, (കൃഷി), തിരുവനന്തപുരം.

(4) ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

(5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

(6) ധനകാര്യ വകുപ്പ് [06.09.2024-ലെ E 2866459 Agri-B1/357/2024-FIN നമ്പർ കുറിപ്പ് പ്രകാരം]

(7) ആസൂത്രണ & സാമ്പത്തിക കാര്യ വകുപ്പ്.

(8) ഐ & പി.ആർ (വെബ് & ന്യൂ മീഡിയ).

(9) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Archana B P

Date: 25-09-2024 14:45:38

സെക്ഷൻ ഓഫീസർ